GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/07/2026

1. കാർഷിക മേഖലയിലെ സമഗ്ര സംഭാവനകൾക്ക് ആദരമായി ₹5 ലക്ഷം സമ്മാനത്തുകയുള്ള 'ശ്രീ ഉമ്മൻ ചാണ്ടി സ്മാരക അവാർഡ്' പുതുതായി ഉൾപ്പെടുത്തി 2025-ലെ സംസ്ഥാന കർഷക അവാർഡുകൾക്ക് സർക്കാർ അംഗീകാരം നൽകി. ഇതോടൊപ്പം 'മട്ടുപ്പാവ് കൃഷി ചെയ്യുന്ന മികച്ച കർഷകൻ (Urban Rooftop Farmer)', 'ഉദ്യാന ശ്രേഷ്ഠ' എന്നീ രണ്ട് പുതിയ വിഭാഗങ്ങളും (₹50,000 വീതം, ഫലകം, സർട്ടിഫിക്കറ്റ്) ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ 38 വിഭാഗങ്ങളിലായാണ് ഇത്തവണ സംസ്ഥാന കർഷക അവാർഡുകൾ നൽകുന്നത്. അവാർഡുകൾക്കായുള്ള അപേക്ഷകൾ 2026 ജൂലൈ 13 വരെ ബന്ധപ്പെട്ട കൃഷിഭവനുകളിൽ സമർപ്പിക്കാം. സംസ്ഥാന കർഷക അവാർഡുകളിൽ കാർഷിക മേഖലയിലെ മികച്ച പ്രവർത്തനം

കാഴ്ചവയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള 'സി. അച്യുതമേനോൻ സ്മാരക അവാർഡ്' (₹10 ലക്ഷം), മികച്ച കൃഷിഭവനുള്ള 'വി.വി. രാഘവൻ സ്മാരക അവാർഡ്' (₹5 ലക്ഷം), 'പത്മശ്രീ കെ. വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ്' (₹3 ലക്ഷം), 'സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ്' (₹2 ലക്ഷം), 'കേരകേസരി' (₹2 ലക്ഷം), പൈതൃക കൃഷി/വിത്ത് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന ആദിവാസി ഉന്നതി/വ്യക്തി/ സംഘത്തിനുള്ള അവാർഡ് (₹2 ലക്ഷം), മികച്ച ജൈവ കർഷകൻ (₹2 ലക്ഷം) എന്നിവയുൾപ്പെടെ വിവിധ വിഭാഗങ്ങളിലായി അംഗീകാരങ്ങൾ നൽകും. അവാർഡുകൾ 2026 ഓഗസ്റ്റ് 17-ന് നടക്കുന്ന സംസ്ഥാന കർഷകദിനാഘോഷ ചടങ്ങിൽ വിതരണം ചെയ്യും. അപേക്ഷാ ഫോറങ്ങളും കൂടുതൽ വിവരങ്ങളും ബന്ധപ്പെട്ട കൃഷിഭവനുകളിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.keralaagriculture.gov.in സന്ദർശിക്കാം.

2. സംസ്ഥാന കാർഷിക വികസന-കർഷക ക്ഷേമ വകുപ്പ് 2025-ലെ സംസ്ഥാന കർഷക അവാർഡുകളുടെ ഭാഗമായി മാധ്യമരംഗത്തെ മികവിന് നൽകുന്ന 'കർഷക ഭാരതി' അവാർഡിന് അപേക്ഷ ക്ഷണിച്ചു. മലയാള ഭാഷയിലൂടെ കാർഷിക മേഖലയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ മികച്ച ഫാം ജേർണലിസ്റ്റുകളെയാണ് അവാർഡിന്

പരിഗണിക്കുന്നത്. വ്യക്തികളുടെ അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കില്ല. അച്ചടി മാധ്യമം, ദൃശ്യ മാധ്യമം, നവമാധ്യമം എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് കർഷക ഭാരതി അവാർഡുകൾ നൽകുന്നത്. ഓരോ വിഭാഗത്തിലും വിജയിക്കുന്നവർക്ക് ₹50,000 ക്യാഷ് അവാർഡ്, ഫലകം, സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കും. അവാർഡ് വിജ്ഞാപന തീയതി മുതൽ പിന്നോട്ടുള്ള ഒരു വർഷക്കാലയളവിലെ മാധ്യമപ്രവർത്തന മികവാണ് വിലയിരുത്തുക. അപേക്ഷാ ഫോറവും വിശദമായ മാർഗനിർദേശങ്ങളും www.keralaagriculture.gov.in എന്ന കൃഷിവകുപ്പ് വെബ്സൈറ്റിലും www.fibkerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2026 ജൂലൈ 14. അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം – 695003 എന്ന വിലാസത്തിൽ അയയ്ക്കണം. കവറിന് പുറത്ത് 'കർഷക ഭാരതി അവാർഡ് 2025 – (വിഭാഗത്തിന്റെ പേര്)' എന്ന് വ്യക്തമായി രേഖപ്പെടുത്തണം.

3. കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളജിലെ മോളിക്യുലാർ ബയോളജി ആൻഡ് ബയോടെക്നോളജി

വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പ്ലാൻ്റ് ടിഷ്യു കൾച്ചർ ടെക്നിക്കുകളിൽ 10 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് ആദ്യവാരം നടക്കുന്ന പരിശീലനത്തിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന 10 പേർക്കാണ് അവസരം. പതിനായിരം രൂപയും ജിഎസ്ടിയും ഉൾപ്പെടെയുള്ള തുകയാണ് രജിസ്ട്രേഷൻ ഫീസ്. കാർഷിക കോളജിലെ പ്ലാന്റ് ടിഷ്യു കൾച്ചർ ലബോറട്ടറിയിലാണു പരിശീലനം. താൽപര്യമുള്ളവർ 77090104 85 നമ്പറിൽ ബന്ധപ്പെടുക.

4. "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് കൃഷി ഭവനിൽ ചീര, വള്ളിപ്പയർ, പാവൽ, മത്തൻ എന്നിവയുടെ വിത്തുകൾ സൗജന്യ വിതരണത്തിനെത്തി. കരമടച്ച രസീതിന്റെ പകർപ്പുമായെത്തി വിത്തു കൈപ്പറ്റാം.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ കരമനയിൽ പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷൻ (ഐ.എഫ്.എസ്.ആർ.എസ്.,) നിൽ നിറപുത്തരി വിളവെടുപ്പ് ഉത്സവത്തിന് ആവശ്യമായ നെൽകതിർ കെട്ടുകൾ (അയറുകൾ) ലഭ്യമാണ്. വിൽപ്പന വില 250/-, 500/-, 750/-, 1000/- രൂപ എന്നിങ്ങനെയാണ് . കൂടുതൽ വിവരങ്ങൾക്ക് 0471 2343586 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർറബ്ബർ ട്രെയിനിങ് (എൻ.ഐ .ആർ.റ്റി.) ഉണക്ക റബ്ബറിൽ നിന്നുള്ള ഉത്പന്ന നിർമ്മാണത്തിൽ അഞ്ചുദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർ കോമ്പൗണ്ടിങ്; പ്രോസസ്സ്കൺട്രോൾ, വൽക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ&മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പരിശീലനം 2026 ജൂലൈ 27 മുതൽ 31വരെ നടത്തും. പരിശീലന മാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9497487209, 04812353127 എന്ന ഫോൺ നമ്പരിലോ 04812353201എന്ന വാട്ട്സ് ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ – training@rubberboard.org.in

7. എറണാകുളം ജില്ലയിലെ കോലഞ്ചേരി മൃഗാശുപത്രിയിൽ 2 മാസം പ്രായമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ 130 രൂപ നിരക്കിൽ ജൂലൈ 11 ന് രാവിലെ 9.30ന് വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് 9895205867 എന്ന നമ്പറിൽ ബന്ധപ്പെടുക.